No/11/2019/SRG/LSGD

**തദ്ദേശസ്വയംഭരണ വകുപ്പ്**
സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
29.01.2020

## കുറിപ്പ്

വിഷയം - പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം- ജീവനാപാധികൾക്ക് തുക വിനിയോഗിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച്

സൂചന:- 1) 23.12.2019-ലെ 170/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2) കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020-ലെ യോഗ തീരുമാനം

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ 212.50 കോടി രൂപ പ്രധാനമായും ജീവനോപാധികൾക്കാണ് ഉപയോഗിക്കേണ്ടത്. ജീവനോപാധികൾ ചിലതിനൊക്കെ മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ജീവനോപാധികൾ നഷ്ടപ്പെട്ട ചില പ്രദേശങ്ങളിൽ പ്രാദേശിക സ്ഥിതിക്ക് അനുസൃതമായി പ്രോജക്ട് തയ്യാറാക്കുമ്പോൾ പല ഇനങ്ങൾക്കും യൂണിറ്റ് നിരക്ക് മാർഗ്ഗരേഖയിൽ ഇല്ല. അതിനാൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കി വെറ്റ് ചെയ്ത് ജില്ലാ ആസൂത്രണ സമിതിക്ക് നൽകാൻ കഴിയുന്നില്ല എന്ന് 28.01.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തി.

സാമ്പത്തിക വർഷം അവസാനിക്കാറായ ഈ ഘട്ടത്തിൽ ഓരോന്നിനും സർക്കാർ തലത്തിൽ യൂണിറ്റ് നിരക്ക് നിശ്ചയിച്ച് നൽകുന്നതിന് കാലതാമസം നേരിടും എന്നതിനാൽ താഴെപ്പറയുന്ന ക്രമീകരണം ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാത്രമായി നടത്താൻ യോഗം തീരുമാനിച്ചു.

പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികളോ അതിനു പകരമായി മറ്റു തൊഴിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ/മെഷീനറികൾ തുടങ്ങിയവ വാങ്ങുന്നതിനോ ധനസഹായം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ അവ നൽകാവുന്നതാണ്. ഇതിനായി താൽക്കാലിക ക്രമീകരണം എന്ന നിലയിൽ ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. നൂതന പ്രോജക്ടിന് അംഗീകാരം നൽകുന്നതിനുള്ള ജില്ലാതല കമ്മിറ്റി ഇവ പരിശോധിച്ച് ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് അനുമതി നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ യൂണിറ്റ് നിരക്കും പരമാവധി നൽകാവുന്ന സബ്സിഡി നിരക്കും ജില്ലാതല നൂതന പ്രോജക്ടുകൾക്കുള്ള കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്. എന്നാൽ സാമാന്യ രീതിക്ക് അപ്പുറമുള്ള ധനസഹായം നൽകുന്നതിന് അനുമതി പരിഗണിക്കാവുന്നതല്ല. കൂടാതെ ചില ജീവനോപാധികൾ നൽകാവുന്നതല്ല എന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ടെങ്കിലും (ഉദാ. തയ്യൽ മെഷീൻ) ഇത്തരം ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

ഇതു സംബന്ധിച്ച് 28.01.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി എടുത്ത മുകളിൽ പറഞ്ഞ തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. ഒപ്പം ഇതിനാവശ്യമായ തുടർ ക്രമീകരണങ്ങൾ ജില്ലാ കളക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും ചെയ്യേണ്ടതാണ്.

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്